ശ്രദ്ധക്ഷണിക്കൽ

## നിർമ്മാണ മേഖലയിലെ പ്രതിസന്ധി

ശ്രീ. പി. ഉബൈദുള്ള: സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട മേഖലയായ തൊഴിൽ മേഖലയിൽ, 25 ലക്ഷത്തിലധികം ജനങ്ങൾ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന നിർമ്മാണ മേഖലയിൽ ചരിത്രത്തിൽ ഇതുവരെയില്ലാത്ത പ്രതിസന്ധികളാണ് നേരിടുന്നത്. വളരെ ഗുരുതരമായ ഈ പ്രശ്നത്തിലേയ്ക്ക് ഞാൻ സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്. വ്യവസായ-വാണിജ്യരംഗം തന്നെ നിർമ്മാണ മേഖലയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ഈ രംഗത്തെ പ്രതിസന്ധി 200-ലധികം വ്യവസായങ്ങളെ നേരിട്ട് ബാധിക്കുന്ന ഒരു വിഷയമാണ്. ആർക്കിടെക്ട് മുതൽ മണ്ണുവെട്ടുകാരൻ വരെയുള്ള നീണ്ട ചങ്ങലയിൽ ലക്ഷക്കണക്കിന് തൊഴിലാളികൾ ഈ മേഖലയിൽ വിവിധ തലങ്ങളിൽ ജോലിചെയ്തു വരുന്നുണ്ട്. നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന ആർക്കിടെക്ട് എഞ്ചിനിയേഴ്സ്, സൂപ്പർവൈസർമാർ, ക്വാറി ഉടമകൾ, കോൺക്രീറ്റ് വർക്കേഴ്സ്, ടിപ്പർ ഉടമകൾ, ലോറിയുടമകൾ, ഗവൺമെന്റ് കോൺട്രാക്ടർമാർ, നിർമ്മാണ തൊഴിലാളി സംഘടനകളെല്ലാം ചേർന്ന് ഇന്നലെമുതൽ നിർമ്മാണമേഖലയിൽ ബന്ദ് പ്രഖ്യാപിച്ചിരിക്കുകയാണ്. 2012-ലെ സാമ്പത്തിക അവലോകന കണക്കുകൾ പ്രകാരം തൊഴിലില്ലായ്മയിൽ കേരളം ദേശീയ തലത്തിൽ നാലാം സ്ഥാനത്താണ്. കൊച്ചു സംസ്ഥാനങ്ങളായ ഗോവ, ത്രിപുര, സിക്കിം എന്നിവയാണ് കേരളത്തിന് മുകളിലുള്ള സംസ്ഥാനങ്ങൾ. 9.9 ശതമാനമാണ് നമ്മുടെ തൊഴിലില്ലായ്മയുടെ നിരക്ക്. ഇപ്പോഴുള്ള തൊഴിലവസരങ്ങൾകൂടി നഷ്ടപ്പെടുന്ന സാഹ

ചര്യമാണ് ഈ നിർമ്മാണ മേഖലയിലെ പ്രതിസന്ധിമൂലം ഉണ്ടായിട്ടുള്ളത്. കേരളത്തിൽ സുലഭമായി ലഭിച്ചിരുന്ന നിർമ്മാണ വസ്തുക്കളായ മണൽ, മണ്ണ്, ചരൽ, ചെങ്കൽ, കരിങ്കൽ എന്നിവയുടെ ദൗർലഭ്യം ഇന്ന് നിർമ്മാണ മേഖലയെ മൊത്തത്തിൽ തളർത്തിയിരിക്കുന്നു. ഇവിടെ ഉൽപ്പാദനത്തിനുള്ള തടസ്സങ്ങളും ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവും നിർമ്മാണ സാമഗ്രികളുടെ വില കുത്തനെ ഉയർത്തിയിരിക്കുകയാണ്. കസ്തൂരിരംഗൻ റിപ്പോർട്ട് സംബന്ധിച്ച അവ്യക്ത തകൾ നിലനിൽക്കെ പശ്ചിമഘട്ട മേഖലയിലെ നിർമ്മാണം പ്രതിസന്ധിയിലാ യിരിക്കുകയാണ്. ഭൂമിയുടെ കൈമാറ്റവും വിലയും കുറഞ്ഞുവരുന്ന കാഴ്ചയാണ് ഇവിടെ കാണാൻ കഴിയുന്നത്. ഇരുപതിനായിരം ചതുരശ്രയടി വിസ്തൃതിയിലുള്ള കെട്ടിടങ്ങൾ വരെ നിർമ്മിക്കാമെങ്കിലും ഭൂമിയുടെ കാര്യ ത്തിൽ ഉറപ്പില്ലാത്തതിനാൽ ആരും പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ മുന്നോട്ടുവരുന്നില്ല. നിർമ്മാണ മേഖലയിൽ കമ്പി, സിമെന്റ് എന്നി വയ്ക്ക് മാത്രമാണ് ഇന്ന് ഒരു ഏകീകരണ വിലയുള്ളത്. മറ്റു വസ്തു ക്കൾക്കൊന്നും തന്നെ ഏകീകൃത വില സമ്പ്രദായം നിവിലില്ല. തോന്നിയ വിലയാണ് പലരും ഈടാക്കിക്കൊണ്ടിരിക്കുന്നത്. പൊതുജനങ്ങൾ ഏറ്റവും കൂടുതൽ ചൂഷണം ചെയ്യപ്പെടുന്ന സാഹചര്യം ഇതുവഴി സംജാതമാകുക യാണ്. എക്സൈസ് തീരുവ, സർവ്വീസ് ടാക്സ്, വാറ്റ് എന്നിവയുടെ വർദ്ധനവ്, കയറ്റിറക്കു മേഖലയിൽ ഏകീകരണമില്ലായ്മ, നോക്കുകൂലി പോലെയുള്ള തൊഴിലാളി വിരുദ്ധനടപടികൾ, നിർമ്മാണവസ്തുക്കൾ കൊണ്ടുവരുന്ന വാഹനങ്ങൾക്കെതിരെയുള്ള കർശനമായ നിയമങ്ങൾ എന്നി വയെല്ലാം ഈ മേഖലയിൽ പ്രതിസന്ധി വർദ്ധിപ്പിച്ചിരിക്കുകയാണ്. മണൽ ക്ഷാമവും മണൽ വാരുന്നതിനുള്ള നിയന്ത്രവുംമൂലം ഇന്ന് കെട്ടിടങ്ങളുടെ

നിർമ്മാണത്തിന് മണൽ ഒരു കിട്ടാക്കനിയായി മാറിയിരിക്കുന്നു. പല സ്ഥലങ്ങളിലും മണൽ വാരുന്നതിന് വ്യത്യസ്തമായ രീതിയിലുള്ള നിയമങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്. ഓരോ ജില്ലയ്ക്കും വ്യത്യസ്ത നിയമങ്ങളാണ്. പലപ്പോഴും മണൽ വാരലിന് ഇടയ്ക്കിടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ട്. മണലിന്റെ ക്ഷാമവും പരിസ്ഥിതി സംരക്ഷണവും കണക്കിലെടുത്ത് പകരം മറ്റൊരു സംവിധാനത്തെക്കുറിച്ച് നമുക്ക് ആലോചിക്കേണ്ടതായിട്ടുണ്ട്. പരമ്പരാഗത ശൈലികൾ കൈവെടിഞ്ഞ് നിർമ്മാണ മേഖലയിൽ നാം നൂതന രീതികൾ അവലംബിക്കേണ്ടതുണ്ട്. അതിനൊരു പുതിയ ഗവേഷണം നടത്താൻ സമയമായിരിക്കുന്നു. ഓരോ തരത്തിലുള്ള പാരമ്പര്യ വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണ രീതികൾ അവലംബിക്കുന്നതിനുപകരം ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ പ്രീ-ഫ്രാബിക്കേറ്റഡ് മെറ്റീരിയൽസ് നിർമ്മാണത്തിന് ഉപയോഗിക്കാൻ സാധിക്കുമോ എന്നതിനെക്കുറിച്ച് പരിശോധിക്കേണ്ടതുണ്ട്. നിർമ്മാണ സമയത്തും മറ്റുമുണ്ടാകുന്ന ഖര മാലിന്യങ്ങൾ നിർമ്മാണ മേഖലയിൽ റീ-യൂസ് ചെയ്യാൻ പറ്റുമോയെന്നതിനെക്കുറിച്ചും ചിന്തിക്കേണ്ടതുണ്ട്. ആസ്ട്രേലിയ പോലുള്ള രാജ്യങ്ങളിൽ പെട്രോളിയം, കൽക്കരി ഉൽപ്പന്നങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ ഉപയോഗിച്ച് കെട്ടിട നിർമ്മാണത്തിനാവശ്യമായ വിവിധ സാമഗ്രികൾ ഇപ്പോൾ ഉണ്ടാക്കി വരുന്നുണ്ട്. നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം കണക്കിലെടുത്ത് പരമ്പരാഗത രീതികൾക്ക് പകരം പുതിയ ചെലവ് കുറഞ്ഞതും പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കാത്തതുമായ രീതികൾ നിർമ്മാണ മേഖലയിൽ ആരംഭിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് കാര്യമായി ചിന്തിക്കുകയും അതിനനുസൃതമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. ഉബൈദുള്ള ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമുള്ളതാണ്. ഇന്ന് നമ്മുടെ സംസ്ഥാനം നേരിടുന്ന, ഏറ്റവും വലിയ ഒരു പ്രശ്നമാണെന്നുതന്നെ പറയാൻ സാധിക്കും. നമ്മുടെ വികസന പ്രവർത്തനങ്ങൾ പലതും ഇതുമൂലം തടസ്സപ്പെട്ടിരിക്കുകയാണ്. റെയിൽവേയുടെ ഡബിളിംഗ് പ്രവർത്തനത്തിന് റെയിൽവേ അനുവദിച്ച പണംപോലും ചെലവഴിക്കാൻ പറ്റാത്ത സാഹചര്യം വന്നിട്ടുണ്ട്. ഈ കാര്യത്തിൽ പരിസ്ഥിതി സംരക്ഷണം ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇത് സംബന്ധിച്ച് സുപ്രീം കോടതിയും ഗ്രീൻ ട്രിബ്യൂണലും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയവും തന്നിട്ടുള്ള വ്യവസ്ഥകൾ പാലിക്കുമ്പോൾ ഏതാണ്ട് പൂർണ്ണമായൊരു നിരോധനമാണ് മണൽ വാരൽ, മണ്ണ് എടുക്കൽ, പാറ ഖനനം എന്നിവയിൽക്കൂടി വന്നിരിക്കുന്നത്. ഇതിന് ഒരു മാറ്റം വന്നേ മതിയാകൂ. ഈ കാര്യം ജനുവരി ഒന്നാം തീയതി കൂടിയ മന്ത്രിസഭാ യോഗം വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറിയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് ഒരു നിർദ്ദേശം കൊണ്ടുവരുന്നതിന് നിയോഗിക്കുകയും ചെയ്തു. അതിന്റെ യടിസ്ഥാനത്തിൽ 10-01-2014-ൽ ഗവൺമെന്റ് ഒരു പുതിയ ഉത്തരവ് ഇറക്കിയിട്ടുണ്ട്. അതനുസരിച്ച് നിലവിൽ സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന അനധികൃത ഖനനങ്ങൾക്കെതിരെയുള്ള കർശന നിയന്ത്രണ സംവിധാനങ്ങൾ സംബന്ധിച്ച് ഒരു റിവ്യൂ പെറ്റീഷൻ, മോഡിഫിക്കേഷൻ പെറ്റീഷൻ കൊടുക്കുന്നതിന് തീരുമാനിച്ചു. നമ്മൾ ഇവിടെ ചെയ്തിട്ടുള്ള നടപടികൾ ചൂണ്ടിക്കാണിക്കുന്നതോടൊപ്പംതന്നെ ഈ കാര്യങ്ങളിൽ കുറേ

റിലാക്സേഷൻ ആവശ്യപ്പെടാനാണ് ഉദ്ദേശിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട നദീതീരങ്ങളിലെ ഖനനത്തിനായി, പരിസ്ഥിതി ക്ലിയറൻസിനായി സംസ്ഥാന പരിസ്ഥിതി ആഘാത പഠന അതോറിറ്റിയിൽ അപേക്ഷ സമർപ്പിച്ച് അനുമതി നേടിയെടുക്കുന്നതിന് എല്ലാ ജില്ലാകളക്ടർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മൾ രണ്ട് വിധത്തിൽ, സുപ്രീം കോടതി, ഗ്രീൻ ട്രിബ്യൂണൽ തുടങ്ങിയ നിമയസ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയെടുക്കാവുന്ന ഇളവുകൾ നേടിയെടുക്കാനും അതേസമയത്ത് കേരളത്തിൽ പൊതുനിബന്ധനകൾ പാലിച്ചുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട നദീതീരങ്ങളിൽ മണൽ ഖനനം ചെയ്യുന്നതിനുള്ള അനുമതിക്കുവേണ്ടി സംസ്ഥാന പരിസ്ഥിതി ആഘാത പഠന അതോറിറ്റി (എസ്.ഇ. ഐ.എ.എ.)–യിൽ അയയ്ക്കും. നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ജില്ലാകളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾക്ക് തടസ്സം വന്നിരിക്കുന്നുവെന്ന് മാത്രമല്ല, അനേക ലക്ഷം തൊഴിലാളികൾക്ക് പണിയില്ലാതെ വന്നിരിക്കുന്നു. അതുപോലെ സാധാരണക്കാരായ പാവപ്പെട്ടവർക്ക് ഒരു ചെറിയ വീട് വയ്ക്കണമെങ്കിൽ അതിനുപോലും പറ്റാത്ത സ്ഥിതി വിശേഷമാണ് വന്നിരിക്കുന്നത്. ഈ സാഹചര്യത്തിന്റെ ഗൗരവം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ഗവൺമെന്റ് തുടർ നടപടികളും സ്വീകരിക്കുമെന്ന് ഉറപ്പുപറയാൻ ഈ അവസരം വിനിയോഗിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഈ വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് ശക്തമായ നടപടി സ്വീകരിക്കുമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം വളരെ സ്വാഗതാർഹമാണ്. അതോടൊപ്പം നിർമ്മാണ മേഖലയിൽ ഇടയ്ക്കിടെയുണ്ടാകുന്ന സ്തംഭനാവസ്ഥ ഒഴിവാക്കുന്നതിന് ഈ മേഖല

യിലെ പ്രശ്നങ്ങൾ സംബന്ധിച്ച് കൃത്യമായ പഠനം നടത്തി ശാശ്വത പരിഹാര മുണ്ടാക്കുന്നതിനുവേണ്ടിയുള്ള സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകു ന്നതാണ്. ഖനനവും മണൽവാരലുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് റവന്യൂ വകുപ്പാണ്. തൊഴിലാളികളെ ദോഷകരമായി ബാധി ക്കുന്ന വിഷയമായതുകൊണ്ട് റവന്യൂ, ലേബർ ഡിപ്പാർട്ടുമെന്റുകൾ തമ്മിൽ പൂർണ്ണമായ കോ-ഓർഡിനേഷനോടുകൂടിയുള്ള പ്രവർത്തനമായിരിക്കും ഇക്കാര്യത്തിലുണ്ടാകുന്നത്. ഗവൺമെന്റിന്റെ വികസന പ്രവർത്തനങ്ങളെ യെല്ലാം ബാധിക്കുന്നതുകൊണ്ടാണ് ചീഫ് സെക്രട്ടറിയെത്തന്നെ ഈ കാര്യങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യാനായി ഗവൺമെന്റ് ചുമതലപ്പെടുത്തിയി രിക്കുന്നത്. ഈ വിഷയം ക്യാബിനറ്റിൽ വീണ്ടും ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

## ടെക്സ്റ്റൈൽ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. എ. കെ. ബാലൻ: സർ, കേരളത്തിലെ ടെക്സ്റ്റൈൽ മേഖല വലിയ പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. പൊതുമേഖലയിലും സഹക രണ മേഖലയിലും പ്രവർത്തിക്കുന്ന 13 മില്ലുകൾ സാമ്പത്തിക പ്രതിസന്ധി മൂലം അടച്ചുപൂട്ടൽ ഭീഷണിയിലാണ്. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ന്യായമായ വേതനമോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കുന്നി ല്ലെന്ന് മാത്രമല്ല തൊഴിലും നഷ്ടപ്പെടുന്ന അവസ്ഥയാണിപ്പോഴുള്ളത്. പ്രവർത്തന മൂലധനമില്ലെന്നതാണ് മില്ലുകൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി. ഇതുമൂലം അസംസ്കൃത വസ്തുക്കളായ പരുത്തിയും

പോളിയെസ്റ്ററും വാങ്ങാനാകാതെ ബുദ്ധിമുട്ടുമ്പോൾ മറുവശത്ത് വായ്പകൾ റീ–ഷെഡ്യൂൾ ചെയ്യാൻ ബാങ്കുകളും തയ്യാറാകുന്നില്ല. ഇതുമൂലം അസംസ്കൃത വസ്തുക്കൾ വാങ്ങാൻ ഏജന്റുകളെ ആശ്രയിക്കേണ്ടിവരികയും പണം ഉടൻ ലഭിക്കാത്തതിനാൽ ഗുണനിലവാരമില്ലാത്ത നൂലും പോളിയെസ്റ്ററുകളും മില്ലുകളുടെ തലയിൽ കെട്ടിവയ്ക്കുകയും ചെയ്യുന്നു. ഇതുപയോഗിച്ച് നിർമ്മിക്കുന്ന ഗുണനിലവാരമില്ലാത്ത തുണിത്തരങ്ങൾക്ക് സ്വകാര്യ മില്ലുകളിലെ തുണിത്തരങ്ങളുമായി മാർക്കറ്റിൽ മത്സരിക്കാൻ കഴിയാതെ പരിമിതമായി ഉല്പാദിപ്പിക്കുന്ന തുണിത്തരങ്ങൾപോലും വിറ്റഴിക്കാൻ സാധിക്കാതെ കെട്ടിക്കിടക്കുകയാണ്. വളരെ പഴക്കമുള്ള ഈ മില്ലുകൾ നവീകരിക്കുകയും പുന:സംഘടിപ്പിക്കുകയും ചെയ്യാത്തതിനാൽ ഉല്പാദനശേഷി വളരെ കുറവാണ്. മെഷിനറിയുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താൻ കഴിയാത്തതിനാൽ ഉല്പാദനവും വരുമാനവും കുറയുന്നു. മില്ലുകളുടെ നവീകരണം നടത്താതെ സ്വകാര്യ മില്ലുകളുമായി ഉല്പാദനത്തിന്റെയോ ഗുണനിലവാരത്തിന്റെയോ കാര്യത്തിൽ മത്സരിക്കാൻ ഈ മില്ലുകൾക്ക് കഴിയില്ല. സഹകരണ മില്ലുകളുടെ നവീകരണത്തിന് എൻ.സി.ഡി.സി. യുടെ സഹായം ലഭിക്കേണ്ടതാണ്. ഇത് ലഭിക്കുന്നതിന് സർക്കാർ ഫലപ്രദമായി ഇടപെടുന്നുണ്ടോ എന്ന കാര്യവും സംശയമാണ്. മില്ലുകൾ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്നതിനാൽ തൊഴിലാളികളുടെ അവസ്ഥയും വളരെ ദയനീയമാണ്. ശമ്പള വർദ്ധനവോ ക്ഷാമബത്തയോ ഇടക്കാലാശ്വാസമോ തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. കൂടാതെ ജീവനക്കാരുടെ പി.എഫ്, ഗ്രാറ്റ്യുവിറ്റി മുതലായവും ഇപ്പോൾ വൻകുടിശികയാണ്. സ്ഥാപന മേധാവികൾക്കെതിരെ കേസുവരെയായിട്ടുണ്ട്. മില്ലുകൾ നടത്തിക്കൊണ്ട് പോകാൻ കഴിയാത്ത സ്ഥിതിയാണിപ്പോഴുള്ളത്. പലരും ശിക്ഷിക്കപ്പെടുന്ന സാഹചര്യ

വുമുണ്ട്. നിലനിൽപ്പിനായി ഊർദ്ധശ്വാസം വലിക്കുമ്പോൾ അടിക്കടിയുണ്ടാകുന്ന വൈദ്യുതി ചാർജ് വർദ്ധനവ് 'ഇടിവെട്ടേറ്റവനെ പാമ്പ് കടിച്ചു' എന്ന് പറയുന്നതുപോലെയാണ്. ഞങ്ങളുടെ ഭരണകാലത്ത് വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടില്ല. ഇപ്പോൾ ഒരു വർഷത്തിൽ രണ്ട് പ്രാവശ്യമാണ് വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നത്. ഇങ്ങനെ വർദ്ധനവുണ്ടാകുന്നതിനാൽ കേരളത്തിലെ ഏതെങ്കിലുമൊരു വ്യവസായ സ്ഥാപനം നിന്നുപോകുമെന്ന് ധരിക്കേണ്ട. അത്രയും വലിയ പ്രതിസന്ധിയാണ് വ്യാവസായിക മേഖലയിലും പരമ്പരാഗത മേഖലയിലും ഇപ്പോഴുള്ളത്. ഭൂരിപക്ഷം മില്ലുകൾക്കും ലക്ഷങ്ങളുടെ കുടിശ്ശികയുള്ള സാഹചര്യത്തിലാണ് വർഷത്തിൽ രണ്ട് പ്രാവശ്യം വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നത്. ഒരു ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെ പ്രതിമാസ വർദ്ധനവാണ് വൈദ്യുതി ചാർജിനത്തിൽ മില്ലുകൾക്കുണ്ടാകുന്നത്. തൊഴിൽ കൊടുക്കുന്ന വ്യവസായ സ്ഥാപനങ്ങളായതിനാൽ സൗജന്യ നിരക്കിൽ വൈദ്യുതി നൽകാൻ സർക്കാർ തയ്യാറാകണം. എടരിക്കോട് മില്ലിൽ പഞ്ഞി വാങ്ങിയ വകയിൽ 6 കോടി രൂപയാണ് കുടിശിക. ഒരു വർഷമായി ജീവനക്കാരുടെ പി.എഫും കുടിശികയാണ്. തൃശൂർ സഹകരണമില്ലിന്റെ നഷ്ടം പ്രതിമാസം 27 ലക്ഷം രൂപയാണ്. 288 ലക്ഷം രൂപയാണ് കെ.എസ്.ഇ.ബി ക്ക് കുടിശിക. പരുത്തി വാങ്ങിയ വകയിൽ 200 ലക്ഷവും ഗ്രാറ്റ്യുവിറ്റി 22 ലക്ഷവും പി.എഫ് 27 ലക്ഷവും കുടിശികയാണ്. കൊല്ലം സഹകരണ മില്ലിന്റെ നഷ്ടം 30 കോടിയും ബാങ്ക് ബാദ്ധ്യത 7 കോടിയുമാണ്. കണ്ണൂർ സഹകരണമില്ലിന്റെ നഷ്ടം 50 കോടി രൂപയാണ്. കറണ്ട് ചാർജ് വർദ്ധനവ് ഒരു മാസം മാത്രം 11 ലക്ഷം രൂപയാണ്.

13 മില്ലുകളുടെയും അവസ്ഥ ഏറെക്കുറെ ഇങ്ങനെതന്നെയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ 60 കോടി രൂപ മില്ലുകളുടെ നവീകരണത്തിനുവേണ്ടി നീക്കിവച്ചിരുന്നെങ്കിലും 9 മാസം കഴിഞ്ഞിട്ടും ആകെ കൊടുത്തത് 27 കോടി രൂപയാണ്. ഈ തുകകൾ യഥാസമയം മില്ലുകൾക്ക് നൽകി മില്ലുകളുടെ നവീകരണത്തിനും പ്രവർത്തന മൂലധനത്തിനും വിനിയോഗിക്കുന്ന കാര്യത്തിൽ ഗുരുതരമായ വീഴ്ചയാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. കേരളത്തിലെ ടെക്സ്റ്റൈൽ മില്ലുകൾ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ മില്ലുകൾക്ക് പ്രവർത്തന മൂലധനം അനുവദിക്കുകയും മില്ലുകളുടെ നവീകരണ പദ്ധതി തയ്യാറാക്കുകയും സഹകരണ മില്ലുകളുടെ പുന:സംഘടനയ്ക്ക് എൻ.സി.ഡി.സി യുടെ സഹായം ഉറപ്പുവരുത്തുകയും ബാങ്ക് കടങ്ങൾ റീ-ഷെഡ്യൂൾ ചെയ്യുകയും സൗജന്യ നിരക്കിൽ വൈദ്യുതി നൽകുകയും തൊഴിലാളികൾക്ക് ഇടക്കാലാശ്വാസവും ക്ഷാമബത്തയും അനുവദിക്കുകയും ചെയ്യണം. ഇക്കാര്യത്തിൽ സർക്കാരിന്റെ അടിയന്തര ശ്രദ്ധ പതിയേണ്ടതായിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് സ്ഥാപിച്ച ഉദുമ, പിണറായി മില്ലുകൾക്ക് പ്രവർത്തിക്കാനാവശ്യമായ മൂലധനം നൽകാത്തതിനാൽ രണ്ടും അടച്ചുപൂട്ടിയിരിക്കുകയാണ്. ഉദുമ മില്ലിനുമാത്രം 22 കോടി രൂപ ചെലവഴിച്ചിട്ടാണ് ഇപ്പോൾ പ്രവർത്തിക്കാതിരിക്കുന്നത് എന്നതുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ദേശീയ തലത്തിൽത്തന്നെ ടെക്സ്റ്റൈൽ മേഖലയിൽ ഇപ്പോൾ പ്രതിസന്ധിയുണ്ട്.. കേരളത്തിലെ പൊതുമേഖലാ മില്ലുകളുടെയും

സഹകരണ മില്ലുകളുടെയും അവസ്ഥയെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. വളരെ കാലമായുള്ള കുടിശ്ശിക കൂടിക്കൂടി ഇപ്പോൾ ഒട്ടേറെ പ്രശ്നങ്ങളുണ്ട്. ഈ പ്രശ്നങ്ങൾ മനസിലാക്കിയാണ് കഴിഞ്ഞ ബഡ്ജറ്റിൽ സാധാരണ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന പണം കൂടാതെ പ്രത്യേക പാക്കേജായി 60 കോടി രൂപ വകയിരുത്തിയത്. അതിൽനിന്ന് 27 കോടി രൂപ ഇതിനകം കൊടുത്തതുകൊണ്ടാണ് ഈ മില്ലുകൾ ഗുരുതരാവസ്ഥയിലേയ്ക്ക് പോകാത്തത്. തൊഴിലാളികളുടെ ശമ്പളം മുടങ്ങിയിട്ടില്ല. ഗ്രാറ്റ്യുവിറ്റി തുടങ്ങിയവ അടയ്ക്കാനുണ്ട്. മാത്രമല്ല പല തരത്തിലുള്ള പ്രതിസന്ധികളുമുണ്ട്. ഇപ്പോൾ പഞ്ഞിക്ക് വില കുറഞ്ഞ അവസരമാണ്. അതുകൊണ്ട് ഇപ്പോൾ പരുത്തി വാങ്ങിവച്ചാൽ ക്രമേണ മെച്ചമുണ്ടാകും. അതുപോലെ ഓരോ മില്ലിലും എൻ.സി.ഡി.സി. പോലുള്ള പാക്കേജ് കൊണ്ടുവരണമെന്നുള്ള പ്ലാനുണ്ട്. ഈ സപ്ലിമെന്ററി ഡിമാന്റ് പാസാകുന്ന സമയത്ത്, ഫെബ്രുവരി ആദ്യ ആഴ്ചയിൽത്തന്നെ ബാക്കി തുക കൊടുക്കാൻ കഴിയും. ആ തുക കൊടുത്തുകഴിഞ്ഞാൽ ഈ മില്ലുകളുടെ പ്രതിസന്ധി മാറും. അതിനുശേഷം മെമ്പർ സൂചിപ്പിച്ചതുപോലെ ദീർഘകാലാടിസ്ഥാനത്തിലുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കണം. വൈദ്യുതി ചാർജ് വർദ്ധനവ് ഒരു ഇഷ്യൂ തന്നെയാണ്. എന്താണ് ചെയ്യേണ്ടതെന്ന് അറിയില്ല. ഇലക്ട്രിസിറ്റി ബോർഡും പൊതുമേഖലാ സ്ഥാപനമാണ്. ഇലക്ട്രിസിറ്റി ബോർഡിനും റഗുലേറ്ററി കമ്മീഷനുമായൊക്കെ ധാരാളം ഇഷ്യുസുമുണ്ട്. ചാർജ് വർദ്ധനവ് ധാരാളം പ്രതിസന്ധികളുണ്ടാക്കുന്നുണ്ടെന്നത് വസ്തുതയാണ്. കഴിഞ്ഞ ഗവൺമെന്റ് തുടങ്ങിയ ഉദുമ പോലുള്ള പുതിയ മില്ലുകൾക്കായി വേറൊരു പാക്കേജ് നടപ്പിലാക്കുന്നുണ്ട്. അവിടെയും കൂടുതൽ

തുക ആവശ്യമാണ്. അവിടെ റിക്രൂട്ട്മെന്റ് സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ട് അതുപോലെ മറ്റുചില സാങ്ഷന്റെയും പെർമിഷന്റെയും വിഷയവുമുണ്ട്. അതെല്ലാം അവസാനിക്കുമ്പോൾ പിണറായി, കോമളപുരം, ഉദുമ എന്നീ മില്ലുകൾ പ്രവർത്തിപ്പിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, ഈ സാമ്പത്തിക വർഷം ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ചെറിയ രൂപത്തിലെങ്കിലും പ്രതി സന്ധി പരിഹരിക്കാൻ കഴിയും. അടുത്ത വർഷവും ഇത് തുടരും. കഴിഞ്ഞ ബഡ്ജറ്റിൽ 60 കോടി രൂപയാണ് വകയിരുത്തിയത്. മിനിമം 100 കോടി രൂപ യെങ്കിലും ഇയർമാർക്ക് ചെയ്യേണ്ടിവരും. അത് സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പുമന്ത്രി സഹായകരമായ നിലപാട് സ്വീകരിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ടെക്സ്റ്റൈൽ മില്ലുകൾ സംരക്ഷിക്കാൻ കഴിയുകയുള്ളൂ. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രതികരണം അറിയാൻ ആഗ്രഹമുണ്ട്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വളരെ കുറഞ്ഞ വേതനം പറ്റുന്ന വളരെയധികം തൊഴിലാളികളുടെ പ്രശ്നമാണ്. ആ നിലയിൽ ഫെബ്രുവരി ആദ്യംതന്നെ തുക റിലീസ് ചെയ്യണമെന്നും അതിനാവശ്യമായ സപ്പോർട്ട് നൽകണമെന്നും ധനകാര്യവകുപ്പിനോട് നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടി രിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായും ഫിനാൻസ് സെക്രട്ടറിയുമായും സംസാരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഫെബ്രുവരി ആദ്യ ആഴ്ചതന്നെ തുക നൽകുമെന്ന് പറഞ്ഞത്. ഗവൺമെന്റ് ഗൗരവത്തോ

ടെതന്നെ ടെക്സ്റ്റൈൽ മില്ലുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഗണിക്കുന്നതാണ്.

(സബ്മിഷൻ)